**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 875** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ ഒ . ആർ. കേളു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക വിഭാഗമായി "ഉത്തരവാദിത്ത ടൂറിസം മിഷൻ" രൂപീകരിച്ച് 14 ജില്ലകളിലേക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ആർ ടി മിഷന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ എല്ലാ ജില്ലകളിലും സാധാരണക്കാരായ ജനങ്ങൾക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും ലഭ്യമാക്കുവാൻ സാധിച്ചു. നിലവിൽ ആർ ടി മിഷന് സംസ്ഥാന വ്യാപകമായി 20019 യൂണിറ്റുകളും, അതുവഴി 100790 ഗുണഭോക്താക്കളും ഉണ്ട്. 2017 ആഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെ 37 കോടി രൂപയുടെ പ്രാദേശിക വരുമാനം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ മൂലം ലഭ്യമായിട്ടുണ്ട്. മൂന്നര വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധ ആകർഷിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഉത്തരവാദിത്ത ടൂറിസം മേഖലയിലെ 4 ദേശീയ പുരസ്കാരങ്ങളും, 5 അന്താരാഷ്ട്ര പുരസ്കാരങ്ങളും കേരള ടൂറിസം നേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രായോഗിക നടപടികളിലൂടെ പ്രദേശിക സമൂഹത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 'ഗ്രാമീണ ടൂറിസം' പ്രോത്സാഹിപ്പിക്കുന്നതിനും എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു കാലത്ത് സാധാരണക്കാരായ പ്രാദേശിക ജനസമൂഹത്തിന് യാതൊരു റോളും ഇല്ലാതിരുന്ന ടൂറിസം രംഗത്ത് പ്രാദേശിക സാന്നിധ്യവും, പങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മുൻപ് |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാൻ ആർ ടി മിഷൻ രൂപീകരണത്തോടെ സാധിച്ചു. ആർ ടി മിഷൻ രൂപീകരണത്തിന് മുൻപും ശേഷവുമുള്ള പ്രവർത്തന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു (ആർ ടി മിഷന് മുൻപ് (2008-2017) 9 വർഷങ്ങൾ) -രജിസ്റ്റേഡ് യൂണിറ്റുകൾ-197, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ --ഇല്ല, പ്രത്യക്ഷ ഗുണഭോക്താക്കൾ-843, പരോക്ഷ ഗുണഭോക്താക്കൾ-2529, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-7, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-4000, ആകെ ലഭിച്ച പ്രാദേശിക വരുമാനം-12 കോടി രൂപ ആർ ടി മിഷൻ രൂപീകരണത്തിന് ശേഷം (2017 ആഗസ്റ്റ്-2021 മാർച്ച്) 3.5 വർഷങ്ങൾ-രജിസ്റ്റേഡ് യൂണിറ്റുകൾ-20019, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ --16013, പ്രത്യക്ഷ ഗുണഭോക്താക്കൾ-36815, പരോക്ഷ ഗുണഭോക്താക്കൾ-63915, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-140, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-92543, ആകെ ലഭിച്ച പ്രാദേശിക വരുമാനം-37 കോടി രൂപ |
| (സി) | കൂടുതൽ സ്ഥലങ്ങളിലേക്ക് ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ടൂറിസം സംഘങ്ങളേയും, സ്ഥാപനങ്ങളേയും പ്രസ്തുത ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽത്തന്നെ ടൂറിസം രംഗത്തും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുമായും ഈ രംഗത്തെ വിവിധ സംഘടനകളുമായും അസ്സോസിയേഷനുകളുമായും സഹകരിച്ചാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ